## 94

സ്തുതിച്ചുപാടാം മഹിമനവനെ
മഹത്വപൂർണ്ണനാം ത്രിയേക നാഥനെ

1 രക്ഷയുടെ പ്രത്യാശയുമണിഞ്ഞ്
രക്ഷകനേശുവിൻ നാമവും ധരിച്ച്
ആത്മവരങ്ങളാലലംകൃതരായി നാം
ആത്മനാഥനെ പാടി സ്തുതിക്കാം

2 നന്ദി നിറഞ്ഞവരായവൻ ചെയ്തതാം
നന്മകളോരോന്നായ് ഓർത്തു നിരന്തരം
ആദിപിതാക്കന്മാരാരാധിച്ചതുപോൽ
മോദമോടാത്മാവിൽ പാടിസ്തുതിക്കാം

3 രക്ഷകനായ് പരിപാലകനായാത്മ-
ദായകനായ് സൗഖ്യമേകും യഹോവയായ്
നിത്യവും നമ്മെ വഴി നടത്തിടുന്ന
സ്തുത്യനാം യാഹിനെ പാടിസ്തുതിക്കാം.

4 സ്വർഗ്ഗസന്തോഷത്തിന്നുറവയിൽ നിന്നും
നിത്യവും പാനം ചെയ്താനന്ദിപ്പതിന്നായ്
അവൻ നമ്മിലും നാമവനിലുമായതാം
നിസ്തുല ബന്ധത്തിന്നായി സ്തുതിക്കാം-